നമ്പർ: എച്ച് 2/35/PR/14 EC

സിറ്റി പോലീസ് ഓഫീസ്,
തീയതി: 11/3/2015

## കാരണം കാണിക്കൽ നോട്ടീസ്

വിഷയം : അച്ചടക്ക നടപടി -സീനിയർ സി പി ഒ 6369 -(Gr. ASI) ശ്രീ. ഗീവർഗ്ഗീസ് ഡാനിയൽ നെതിരെയുള്ള ശിക്ഷാവിവരപത്രികയിൽ താൽക്കാലിക ഉത്തരവ് - കാരണം കാണിക്കൽ നോട്ടീസ് നൽകുന്നത്- സംബന്ധിച്ച്.

വായന : 1) ഫയൽ നമ്പർ എ1(എ) 624/13ഇ. സി
2) 21.03.14 തീയ്യതിയിലെ പോലീസ് ആസ്ഥാനത്തുനിന്നുള്ള ഇ3 /118159/13 നമ്പർ കത്ത്.
3) ഉത്തരവ് നം. എച്ച്2-/18056/2014 ഇ സി തീയതി 07/04/2014.
4) കൊച്ചി സിറ്റി സ്പെഷ്യൽ ബ്രാഞ്ച് പോലീസ് അസ്സി. കമ്മീഷണർ സമർപ്പിച്ച ശിക്ഷാ വിവര പത്രിക.

കൊല്ലം റെയിൽവേ സ്റ്റേഷനിൽ ജോലി ചെയ്തു വന്നിരുന്ന Sr.CPO 6369 (Gr. ASI) ഗീവർഗ്ഗീസ് ഡാനിയലിനെ ബഹു. സംസ്ഥാന പോലീസ് മേധാവിയുടെ 22/11/13 തീയതിയിലെ DGO.1849/13 ഉത്തരവ് പ്രകാരം, തിരുവനന്തപുരം റെയിൽവേ പോലീസ് സൂപ്രണ്ട് 29/11/2013 തീയതിയിലെ DO.No. 285/13/RL പ്രകാരം 4/12/2013 തീയതിയിൽ ടിയാനെ കൊച്ചി സിറ്റി യുണിറ്റിലേയ്ക്ക് മടക്കിയിട്ടുള്ളതാണ്. എന്നാൽ ടിയാൻ കൊച്ചി സിറ്റിയിൽ ജോലിയ്ക്ക് ഹാജരാകാതിരുന്നതിനെ തുടർന്ന് 21/03/14 തീയതിയിലെ E3/118159/13/PHQ നമ്പർ കത്ത് പ്രകാരം ബഹു. സംസ്ഥാന പോലീസ് മേധാവി ശ്രീ ഗീവർഗ്ഗീസ് ഡാനിയൽ Sr.CPO 6369 അനധികൃതമായി ജോലിയിൽ നിന്ന് വിട്ടു നിൽക്കുകയും കൊച്ചി സിറ്റി യൂണിറ്റിൽ തിരികെ ജോലിയിൽ പ്രവേശിക്കാതിരിക്കുകയും ചെയ്യുക വഴി ടിയാന്റെ ഭാഗത്ത് നിന്നും ഉണ്ടായിട്ടുള്ള അച്ചടക്ക ലംഘനത്തിന് ശിക്ഷാനടപടികൾ ആരംഭിക്കുന്നതിന് കൊച്ചി സിറ്റി ജില്ലാ പോലീസ് മേധാവിക്ക് നിർദ്ദേശം നൽകുകയും ആയത് പ്രകാരം ടിയാന് 28/03/14 തീയതിയിൽ A1(a)/624/13EC നമ്പരായി മെമ്മോ നൽകിയിട്ടുള്ളത് ടിയാൻ കൈപ്പറ്റാതിരി ക്കുകയും ടിയാനെ ഫോണിൽ ബന്ധപ്പെട്ടതിൽ മെമ്മോ നേരിട്ടോ വീട്ടുകാർ മുഖേനയോ കൈപ്പറ്റില്ല എന്ന് അറിയിച്ചതിനാൽ ടി മെമ്മോ ടിയാന്റെ വീടിന്റെ മുൻവശം ഭിത്തിയിൽ പതിച്ചിട്ടുള്ളതുമാണ്.

ടി മെമ്മോയ്ക്ക് മറുപടിയായി 30/03/14 തീയ്യതിയിൽ ടിയാൻ സമർപ്പിച്ച വിശദീകരണം പരിശോധിച്ചതിൽ ശ്രീ ഗീവർഗ്ഗീസ് ഡാനിയൽ Sr.CPO 6369 ബഹു. സംസ്ഥാന പോലീസ് മേധാവിയുടെയും മറ്റ് മേലുദ്യോഗസ്ഥരുടെയും ഉത്തരവുകൾ അനുസരിക്കുന്നതിന് ടിയാൻ വിമുഖത കാണിക്കുന്നതായി മനസിലായിട്ടുള്ളതാണ്.

ഇത്തരത്തിൽ ശ്രീ ഗീവർഗ്ഗീസ് ഡാനിയൽ, Sr.CPO 6369-ന്റെ ഭാഗത്ത് നിന്നും ഗുരുതരമായ അച്ചടക്ക ലംഘനവും സ്വഭാവദൂഷ്യവും അനുസരണക്കേടും ഉണ്ടായിട്ടുള്ളതായി പ്രഥമദൃഷ്ട്യാ ബോദ്ധ്യപ്പെട്ടിട്ടുള്ളതിനാൽ ടിയാനെതിരെയുള്ള മേൽ ആരോപണത്തെകുറിച്ച് 1958ാം ആണ്ടിലെ കേരള പോലീസ് വകുപ്പ് അന്വേഷണവും ശിക്ഷയും അപ്പീലും ചട്ടങ്ങളിലെ 6ാം വകുപ്പ് പ്രകാരം വിശദമായ വാച്യാന്വേഷണം നടത്തി ശിക്ഷാവിവരപത്രിക സമർപ്പിക്കുന്നതിന് ടി ചട്ടങ്ങളിലെ തന്നെ 8(i) (iii) വകുപ്പുകൾ പ്രകാരം കൊച്ചി സിറ്റി സ്പെഷ്യൽ ബ്രാഞ്ച് പോലീസ് അസ്സി. കമ്മീഷണറെ ചുമതലപ്പെടുത്തികൊണ്ട് സൂചന (3) പ്രകാരം

ഉത്തരവായിട്ടുള്ളതും സൂചന നാല് പ്രകാരം അന്വേഷണ ഉദ്യോഗസ്ഥൻ ശിക്ഷാ വിവര പത്രിക എഴുതി തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളതുമാണ്.

അന്വേഷണ ഉദ്യോഗസ്ഥൻ സമർപ്പിച്ച ശിക്ഷാ വിവരപത്രികയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ കുറ്റാരോപിതനിൽ ആരോപിച്ചിരിക്കുന്നതായ കുറ്റം ചെയ്തിരിക്കുന്നു എന്ന അന്വേഷണ ഉദ്യോഗസ്ഥന്റെ നിഗമനത്തോട് പൂർണ്ണമായും യോജിക്കുന്നു. ഒരു അച്ചടക്ക സേനയിലെ അംഗത്തിന് നിരക്കാത്ത രീതിയിൽ മേലുദ്യോഗസ്ഥന്റെ ഉത്തരവുകളെ ബോധപൂർവം നിരസിക്കുകയും പോലീസ് വകുപ്പിന്റെ നടപടി ക്രമങ്ങളോട് ബോധപൂർവം നിസ്സഹകരിക്കുകയും ചെയ്യുന്നതു വഴി കുറ്റാരോപിതൻ ഗുരുതരമായ അച്ചടക്കലംഘനവും കൃത്യവിലോപവും സ്വഭാവദൂഷ്യവും അനുസരണക്കേടും കാണിച്ചിരിക്കുന്നതായി വെളിവാകുന്നു. ഇത്തരം അച്ചടക്കലംഘനവും കൃത്യവിലോപവും സ്വഭാവദൂഷ്യവും കാണിക്കുന്ന ഒരു സേനാംഗം അച്ചടക്കസേനയിൽ തുടരുന്നത് പോലീസ് വകുപ്പിനുംപൊതുജനത്തിനും ഭൂഷണമല്ലാത്തതിനാലും പോലീസിന്റെ പ്രവർത്തനങ്ങൾക്ക് ഹാനികരമായതിനാലും ടിയാന് ശിക്ഷയായി ടിയാനെ പോലീസ് വകുപ്പിൽ നിന്നും Remove ചെയ്യുന്നതിന് ( നീക്കം ചെയ്യുന്നതിന്) ഞാൻ താൽക്കാലികമായി തീരുമാനിക്കുന്നു. മേൽ തീരുമാനത്തിനെതിരായി നിങ്ങൾക്കെന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ നോട്ടീസ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം ബോധിപ്പിക്കേണ്ടതാണ്. നിശ്ചിത സമയപരിധിക്കകം നിങ്ങളിൽ നിന്നും രേഖാമൂലമുള്ള സമാധാനം ലഭിയ്ക്കാത്ത പക്ഷം ഇക്കാര്യത്തിൽ നിങ്ങൾക്ക് യാതാന്നും തന്നെ ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ മേൽ താൽക്കാലിക തീരുമാനം സ്ഥിരീകരിക്കുന്നതായിരിക്കും.

ഒപ്പ് (11.3.2015)
ജില്ലാ പോലീസ് മേധാവി,
കൊച്ചി സിറ്റി

പേർക്ക് : ശ്രീ. ഗീവർഗ്ഗീസ് ഡാനിയൽ Sr.CPO 6369-ന് (ബിജു ഭവൻ, പുത്തൂർ മുഴി, കണ്ണങ്കര കിഴക്കേതിൽ, കൊല്ലം ജില്ല) ഒരു പകർപ്പ് ശിക്ഷാവിവരപത്രിക സഹിതം- ഡി.സി.ആർബി അസ്സി. കമ്മീഷണർ മുഖാന്തിരം.

പകർപ്പ് :-ഡി.സി.ആർബി അസ്സി. കമ്മീഷണർക്ക് രണ്ട് പകർപ്പുകൾ ശിക്ഷാവിവരപത്രിക സഹിതം. ടി നോട്ടീസും ശിക്ഷാ വിവരപത്രികയും ടിയാനെ നേരിൽ കണ്ട് കൊടുത്ത് കൈപ്പറ്റ് രസീത് വാങ്ങുന്നതിനായി ഒരു പോലീസ് ഉദ്യോഗസ്ഥനെ നിയോഗിച്ചയക്കുവാൻ താൽപര്യപ്പെടുന്നു. കാരണം കാണിക്കൽ നോട്ടീസ് ടിയാൻ കൈപ്പറ്റുവാൻ വിസമ്മതിക്കുന്ന പക്ഷം 2 സാക്ഷികളുടെ സാന്നിദ്ധ്യത്തിൽ ടി നോട്ടീസ് ടിയാന്റെ വീടിന്റെ മുൻവശത്ത് കാണുന്ന ഭാഗത്ത് ഒട്ടിച്ച് ടി സാക്ഷികളുടെ സ്റ്റേറ്റ്മെന്റ് സഹിതമുള്ള റിപ്പോർട്ട് ഈ ഓഫീസിലേക്ക് അയയ്ക്കേണ്ടതുമാണ്.

//അംഗീകാരത്തോടെ//

11/3

ജൂനിയർ സൂപ്രണ്ട്

11/3